ശ്രീ. ടി. എൻ. പ്രതാപൻ:
,, കെ. സി. ജോസഫ്:
പ്രൊഫ. കെ. വി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ശബരിമലയുടെ വികസനത്തിന് റിപ്പോർട്ടുണ്ടാക്കുന്നതിനായി ഇതുവരെ എത്ര കമ്മിറ്റികളെ നിയമിക്കുകയും അവയുടെ റിപ്പോർട്ട് ലഭിക്കുകയും ചെയ്തിട്ടുണ്ട്;

(ബി) എക്കോ സ്മാർട്ട് എന്ന സ്ഥാപനം നൽകിയ റിപ്പോർട്ടിലെ വിവരങ്ങൾ എന്തെല്ലാമാണ്;

(സി) ഈ സ്ഥാപനത്തിന്റെ റിപ്പോർട്ടിനെ ആധാരമാക്കിയാണോ ശബരിമല വികസനം നടത്തുന്നത്;

(ഡി) ഈ സ്ഥാപനത്തെ ശബരിമല വികസനത്തിന് രൂപീകരിച്ച കമ്മിറ്റിയിൽപ്പെടുത്തിയിട്ടുണ്ടോ?

ഉത്തരം

(എ) ശബരിമല വികസനം സംബന്ധിച്ച് നിയമസഭയുടെ പരിസ്ഥിതി സമിതി (1996-98) റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) വരുന്ന ഏതാനും വർഷങ്ങളിലേക്കുള്ള സമഗ്ര വികസനത്തിനുള്ള പദ്ധതികളും ഹ്രസ്വകാലാടിസ്ഥാനത്തിലും ദീർഘകാലാടിസ്ഥാനത്തിലും അടിയന്തിരമായി നടപ്പാക്കേണ്ട പദ്ധതികളും എക്കോ സ്മാർട്ട് എന്ന സ്ഥാപനം തയ്യാറാക്കിയിട്ടുള്ള ശബരിമല മാസ്റ്റർ പ്ലാനിന്റെ ആദ്യഘട്ട ബാഹ്യരേഖയിൽ വിവരിച്ചിട്ടുണ്ട്.

(സി) അതെ.

(ഡി) ശബരിമല വികസന പ്രവർത്തനങ്ങൾ അവലോകനം ചെയ്യാൻ ദേവസ്വം പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായി രൂപീകരിച്ചിട്ടുള്ള വർക്കിംഗ് ലവൽ കമ്മിറ്റിയിൽ ഈ സ്ഥാപനത്തെ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഗുണമേൻമയുള്ള ചന്ദനവും കളഭവും നൽകാൻ നടപടി

108 [2097] ശ്രീ. കെ. സുധാകരൻ:
,, ലൂഡി ലൂയിസ്:
,, കെ. സി. ജോസഫ്:
,, കെ. മോഹൻകുമാർ:
,, പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ–കൊച്ചി ദേവസ്വം ബോർഡുകൾ അവയുടെ കീഴിലുള്ള ക്ഷേത്രങ്ങളിൽ ആരാധനയ്ക്കെത്തുന്ന ഭക്തജനങ്ങൾക്ക് നൽകിവരുന്ന ചന്ദനവും കളഭവും ഗുണമേൻമ കുറഞ്ഞവയാണോ;

(ബി) ഈ ചന്ദനവും കളഭവും സ്ഥിരമായി നെറ്റിയിലണിയുന്നവരുടെ നെറ്റി കറുക്കുകയും പൊട്ടി നീരൊലിക്കുകയും ചെയ്യുന്നതെന്തുകൊണ്ടാണ്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങളിൽനിന്ന് ഗുണമേൻമയുള്ള ചന്ദനവും കളഭവും നൽകുവാൻ എർപ്പാടുണ്ടാക്കാമോ?

ഉത്തരം

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽനിന്നും നൽകുന്ന ചന്ദനവും കളഭവും ഗുണമേൻമ കുറഞ്ഞതാണെന്ന് പരാതിയില്ലെന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. കൊച്ചി ദേവസ്വം ബോർഡിലെ ക്ഷേത്രങ്ങളെ സംബന്ധിച്ച് ഇത്തരത്തിലുള്ള പരാതികൾ അപൂർവ്വമായി ലഭിക്കാറുണ്ട്.

(ബി) മാർക്കറ്റിൽനിന്നു വാങ്ങുന്ന ഗുണമേൻമ കുറഞ്ഞ ചന്ദനവും കളഭവും ഉപയോഗിക്കുന്നതുകൊണ്ട് ഇങ്ങനെ വരാം.

(സി) ഗുണമേൻമയുള്ള ചന്ദനമരം സർക്കാർ ഡിപ്പോയിൽനിന്നും വാങ്ങി ക്ഷേത്രാവശ്യങ്ങൾക്ക് വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്ന് ബന്ധപ്പെട്ട ദേവസ്വം ബോർഡുകളോട് ഗവൺമെന്റ് അഭ്യർത്ഥിച്ചിട്ടുണ്ട്.

സംസ്കൃത പഠനത്തിൽ ദേവസ്വം ബോർഡുകൾ സ്വീകരിക്കുന്ന നടപടി

109 [2098] ശ്രീ. എം. എം. ഹസ്സൻ:
,, ജി. കാർത്തികേയൻ:
,, കെ. മോഹൻകുമാർ:
,, സി. പി. മുഹമ്മദ്:
,, ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്കൃത പഠനത്തിനും വേദങ്ങൾ, സ്മൃതികൾ, പുരാണങ്ങൾ മുതലായവയുടെ പഠനത്തിനും സംസ്ഥാനത്തുള്ള ദേവസ്വം ബോർഡുകൾ എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം നൽകുമോ;

(സി) ഇല്ലെങ്കിൽ ഇവയുടെ പോഷണത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് നടപടി സ്വീകരിച്ചുവരുന്നു.

(ബി, സി) തിരുവിതാംകൂർ ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിൽ കർക്കടക മാസം 1-ാം തീയതി മുതൽ ഒരു മാസക്കാലം രാമായണ പാരായണവും പ്രഭാഷണങ്ങളും നടത്തി രാമായണ മാസം ആചരിക്കുന്നു. തന്ത്രവിദ്യാപരിശീലനത്തിനായി ആലപ്പുഴയിൽ ഒരു സ്ഥാപനം പ്രവർത്തിച്ചുവരുന്നു. കൂടാതെ ഉൽസവകാലങ്ങളിൽ ക്ഷേത്രങ്ങളിൽ മതപ്രഭാഷണങ്ങളും മറ്റും നടത്തിവരുന്നു. കൊച്ചി ദേവസ്വം ബോർഡിൽ നിന്നും തൃശ്ശൂരിലെ വേദപഠനകേന്ദ്രമായ തെക്കെമഠത്തിന് കൊല്ലംതോറും സാമ്പത്തികസഹായം നൽകുന്നുണ്ട്. കടവല്ലൂരിൽ വച്ച് എല്ലാവർഷവും നടത്തപ്പെടുന്ന ഋഗ്വേദ

LIBRARY ARCHIVES Kerala Legislative Assembly